ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണ പിള്ള) :

(എ),(ബി),(സി)&(ഡി) തൊഴിലാളികൾക്ക് നിയമാനുസരണം നിശ്ചയിക്കപ്പെട്ട ക്ഷാമബത്ത ലഭിക്കുന്നുണ്ട്. കേരളത്തിൽ ഇപ്പോൾ ഉപ ഭോക്തൃ വിലസൂചികയുടെ അടിസ്ഥാന വർഷം 1970 ആധാരമാക്കിയാണ് നിലവിൽ ക്ഷാമബത്ത കണക്കാക്കി വരുന്നത്. ക്ഷാമബത്ത കൂടുതൽ മെച്ച പ്പെടുത്തുന്നതിനായി 1981-ൽ ജി.ഒ.(എം.എസ്) 17/81/തൊഴിൽ തീയതി 3.2.1981 ഉത്തരവ് പ്രകാരം ഫാമിലി ബഡ്ജറ്റ് സർവ്വേ നടത്തുന്നതിന് ഒരു കമ്മിറ്റിയെ നിയമിച്ചു എങ്കിലും ലിങ്കിംഗ് ഫാക്ടറിനെ സംബന്ധിച്ചുണ്ടായ വിമർശന ത്താൽ ഇത് നടപ്പിലാക്കുവാൻ കഴിഞ്ഞില്ല. ഇപ്പോൾ കുടുംബ ബഡ്ജറ്റ് സർവ്വേ നടത്തുന്നതിനായി ജി.ഒ. (എം.എസ്. 65/97/തൊഴിൽ, തീയതി 3.7.1997 പ്രകാരം പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഫാമിലി ബഡ്ജറ്റ് സർവ്വേ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് നട ത്തിക്കൊണ്ടിരിക്കുകയുമാണ്.

(ഇ) സർവ്വേയുടെ കാലാവധി 1998 നവംബർ മുതൽ 1999 ഒക്ടോ ബർ വരെയാണ്. സർവ്വേ പൂർത്തിയാക്കിയതിനുശേഷം 6 മാസത്തിനുള്ളിൽ റിപ്പോർട്ടു സമർപ്പിക്കുവാൻ 'കമ്മിറ്റി ഓഫ് ഡയറക്ഷൻ' എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടി സ്ഥാനത്തിൽ ക്ഷാമബത്ത പുതുക്കി നിശ്ചയിക്കുന്നതാണ്.

11 (*241) സ്വകാര്യ ആശുപത്രി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ

ശ്രീമതി ശോഭനാ ജോർജ് :

ശ്രീ. എം. മുരളി :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മൂന്നുലക്ഷത്തോളം വരുന്ന സ്വകാര്യ ആശു പത്രി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾക്ക് ഇതേവരെ നിയമ സംരക്ഷണമില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 1990-ൽ പുതുക്കിയ ഈ വിഭാഗം ജീവനക്കാരുടെ മിനിമം വേജസ് വ്യവസ്ഥകൾ അഞ്ചുവർഷത്തിനുശേഷം പുതുക്കണമെന്ന വ്യവസ്ഥ സർക്കാർ പാലിച്ചിട്ടുണ്ടോ;

(സി) സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേജസ് അടിയ ന്തിരമായി പുതുക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണ പിള്ള) :

(എ) സ്വകാര്യ ആശുപത്രി ജീവനക്കാരുടെ സേവന-വേതന വ്യവ സ്ഥകൾ, 1960-ലെ ഷോപ്പ്സ് ആന്റ് കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, 1948-ലെ മിനിമം വേജസ് ആക്ട് എന്നിവയ്ക്ക് വിധേയമാണ്.

എന്നാൽ ജി.ഒ.(പി)49/98/തൊഴിൽ തീയതി, 7-8-1998 ഉത്തരവ് പ്രകാരം സ്വകാര്യ ആശുപത്രികളെ ഷോപ്പ്സ് ആന്റ് കോമേഴ്സ്യൽ എസ്റ്റാബ്ലി ഷ്മെന്റ് ആക്ടിന്റെ പരിധിയിൽനിന്നും രണ്ടുവർഷത്തേയ്ക്ക് ഒഴിവാക്കിയിട്ടു

LIBRARY ARCHIVES Kerala Legislative Assembly

ണ്ട്. ഈ ഉത്തരവ് റദ്ദുചെയ്യണമെന്ന് പല സ്വകാര്യ ആശുപത്രി ജീവനക്കാരുടെ സംഘടനകളും ആവശ്യപ്പെട്ടിട്ടുണ്ട്. ഈ പ്രശ്നം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഇല്ല. 25-4-1990-ൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ച വിജ്ഞാപനത്തെ ചില തൊഴിൽ ഉടമകൾ ഹൈക്കോടതിയിൽ ചോദ്യം ചെയ്യുകയും അതിലെ അന്തിമ വിധി വരുവാൻ 18-6-1996 വരെ താമസിക്കുകയും അതിലെ ഉത്തരവ് ഉൾക്കൊള്ളിച്ചുകൊണ്ട് വേതനം പുതുക്കുന്നതിന് കാലതാമസം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാരണങ്ങളാൽ അഞ്ചുവർഷത്തിനുള്ളിൽ പുതുക്കുവാൻ കഴിഞ്ഞില്ല.

(സി) സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേജസ് നോട്ടിഫിക്കേഷൻ രീതിയിൽ പുതുക്കുന്നതിന് പ്രാഥമികവിജ്ഞാപനം 1964/ഇ1/96/തൊഴിൽ തീയതി, 10-5-1999 എന്ന നമ്പരിൽ 19-5-1999-ലെ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. രണ്ടുമാസം കഴിയുമ്പോൾ അതുവരെ കിട്ടിയ പരാതികൾ പരിശോധിച്ചശേഷം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുവാൻ ഉദ്ദേശിക്കുന്നു.

12 (*242) സ്വാഭാവിക ജലസ്രോതസ്സുകൾ

ഡോ. കെ.സി. ജോസഫ് :
ശ്രീ. ആന്റണി രാജു :
ശ്രീ. ടി.എസ്.ജോൺ :
ശ്രീ. പി.സി. ജോർജ് :

ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാഭാവിക ജല സ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) ഭൂഗർഭജല സംഭരണശേഷി വർദ്ധിപ്പിക്കുവാനും സംരക്ഷിക്കുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഉറവകളും കുളങ്ങളും തോടുകളും സംരക്ഷിച്ചു നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) തോടുകളും കുളങ്ങളും നികത്തുന്നതു തടയുവാൻ നിയമം കൊണ്ടുവരുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) സ്വാഭാവിക ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായി, ജല സേചന വകുപ്പ്, 'ജലധാരാ പദ്ധതി' , 'മലയോര ജല സംഭരണ പദ്ധതി', 'ജല വാഹിനി പദ്ധതി'-എന്നിവ നടപ്പാക്കി വരുന്നു.

ജലധാരാ പദ്ധതി:

കുളങ്ങളുടെ പുനരുദ്ധാരണവും ബണ്ടുകളുടെ നിർമ്മാണവും ഉൾപ്പെടെയുള്ള എം.ഐ.ക്ലാസ് 2 വിഭാഗത്തിൽപെടുന്ന പണികൾ നടപ്പാക്കുന്നു.

മലയോര ജല സംഭരണ പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly